# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1926 — 15.07.2016 ലെ മറുപടിയ്ക്ക്

## അവണംകോട് ലിഫ്റ്റ് ഇറിഗേഷൻ കനാൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റോജി. എം. ജോൺ : | മാത്യു. ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ അവണംകോട് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ പണി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ ആവണംകോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കനാൽ ശൃംഖല പൂർണ്ണമായും പൂർത്തീകരിച്ചിരുന്നതാണ്. എന്നാൽ ലൈനിങ് ഉള്ള കനാലുകൾ കാലക്രമേണ ഇടിഞ്ഞുപോകുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഇത്തരം കനാലുകൾ കോൺക്രീറ്റ് കനാലുകൾ ആക്കി മാറ്റുന്ന പ്രവൃത്തി, ഫണ്ടിന്റെ അപര്യാപ്തത കാരണം പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. |
| (ബി) കാലടിയിൽ നിന്നും നായത്തോട് ഷാപ്പ് കവല വരെ വീതി കുറച്ച് കോൺക്രീറ്റ് ചെയ്യുകയും ബാക്കി ഭാഗം പണി പൂർത്തീകരിക്കാതതിനാൽ മാലിന്യങ്ങൾ കുന്ന്കൂടി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇതിനുള്ള പരിഹാര മാർഗ്ഗം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) കാലടിയിൽ നിന്നും നായത്തോട് ഷാപ്പ് കവലയ്ക്കു സമീപം വരെയുള്ള കോൺക്രീറ്റ് കനാൽ അവസാനിക്കുന്ന ഭാഗത്ത് കനാൽ ബണ്ടിനോട് ചേർന്നുള്ള ഒരു ഹോട്ടലിൽ നിന്നുമുള്ള മാലിന്യങ്ങൾ കനാൽ ബണ്ടിൽ നിക്ഷേപിക്കുന്നതായി ഇക്കഴിഞ്ഞ ജൂൺ മാസത്തിൽ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഉടനടി ബന്ധപ്പെട്ട കക്ഷിയെകൊണ്ട് തന്നെ ടി മാലിന്യങ്ങൾ നീക്കം ചെയ്യിച്ചിട്ടുള്ളതും മേലിൽ മാലിന്യ നിക്ഷേപം നടത്തരുതെന്ന് താക്കീത് ചെയ്യിട്ടുള്ളതുമാണ്. |

| | |
|---|---|
| (സി) പ്രസ്തുത പ്രദേശത്ത് മാലിന്യം അടിഞ്ഞ്കൂടി വൃത്തിഹീനമായതിനാൽ സാംക്രമിക രോഗങ്ങൾ പടരുകയും, പ്രദേശത്തെ കിണറുകൾ ഉൾപ്പെടെയുള്ള ജലസംഭരണികൾ മലിനമാകുന്നതു കാരണം ജലം ഉപയോഗിക്കാൻ കഴിയാത്തതുമായ അവസ്ഥയ്ക്ക് എന്ത് പരിഹാരമാണ് മുന്നോട്ട് വയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ജലവിതരണ സമയത്ത് കനാലിലൂടെ ഒഴുകിയെത്തുന്ന മാലിന്യങ്ങൾ അപ്പപ്പോൾ കനാൽ വാച്ചർമാരെ നിയോഗിച്ച് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യ സുരക്ഷ മുൻനിർത്തി പ്രസ്തുത ഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ കനാലിന്റെ പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**